പൊതു-സ്വകാര്യ പങ്കാളിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കൽ

93 (3377) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു-സ്വകാര്യ പങ്കാളിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പാക്കുന്നതെന്നറിയിക്കാമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾക്ക് യൂസർ ഫീസോ ചാർജ്ജോ ഈടാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ നീക്കം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എല്ലാവിധ സൗജന്യസേവനവും ഘട്ടംഘട്ടമായി നിർത്തലാക്കുക എന്നത് ഈ സർക്കാരിന്റെ നയമാണോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചുവടെപ്പറയുന്ന മേഖലകൾ ഉൾപ്പെടെയുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

1. Waste Management
2. Shopping Complex, Convention Centres, Multiple Cinema Hall
3. Sewarage
4. Ammusement Park
5. Fly over Bridges & Parking lots
6. Markets

LIBRARY ARCHIVES Kerala Legislative Assembly

7. Bus Terminals

8. Comfort Station

9. Parks, Town Beautification & Street light

10. Hoardings.

(സി) ഇല്ല.

(ഡി) അല്ല.

കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

94 (3378) ശ്രീ. പി. കെ. ബഷീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിലെ ഡിസ്ട്രിക്ട് പ്ലാൻ ആരാണ് തയ്യാറാക്കേണ്ടത് ;

(ബി) കൊല്ലം ജില്ലാ വികസന രൂപരേഖ, കേരള ടൗൺ &കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ വിവക്ഷിച്ചിട്ടുള്ള ജില്ലാ പ്ലാനുമായി ഏതെല്ലാം ഘടകങ്ങളിലാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് സംബന്ധിച്ച് വിശദമാക്കുമോ ;

(സി) നഗരാസൂത്രണ വകുപ്പിന്, ജില്ലാ പ്ലാനുകൾ തയ്യാറാക്കുന്നതിലുള്ള പങ്ക് സംബന്ധിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 53-ാം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ച ജില്ലാ ആസൂത്രണ കമ്മിറ്റി ജില്ലയ്ക്ക് മുഴുവനും വേണ്ടിയുള്ള ഇരുപത് വർഷക്കാലയളവിലേയ്ക്കുള്ള ദീർഘവീക്ഷണ പ്ലാനും അതിൽ ഓരോ അഞ്ചുവർഷക്കാലയളവിലേയ്ക്കുള്ള എക്സിക്യൂഷൻ പ്ലാനുകളും തയ്യാറാക്കേണ്ടതും ഈ ആക്ട് പ്രകാരം അതിന് നൽകപ്പെട്ടിട്ടുള്ള അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(ബി) കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2014 (16 of 2014) പ്രകാരം ജില്ലാ ആസൂത്രണ സമിതിയാണ് ജില്ലാ വികസന രൂപരേഖ

LIBRARY ARCHIVES Kerala Legislative Assembly